LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലത്ത് ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ദൗർലഭ്യം

79(5238) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് നിലവിൽ ലൈസൻസുള്ള എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് വ്യക്തമാക്കാമോ?

ഒൻപത്.

(ബി) പുതുതായി സ്റ്റാമ്പ് വെണ്ടർ ലൈസൻസിനുള്ള അപേക്ഷകൾ കോതമംഗലത്തുനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ എത്ര പേർക്ക് ലൈസൻസ് അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഇല്ല; ബാധകമല്ല.

(സി) കോതമംഗലത്ത് ആധാരമെഴുത്ത് ആഫീസുമായി ബന്ധപ്പെട്ട് ചുരുക്കം ആളുകൾക്ക് മാത്രം സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആധാരമെഴുത്ത് ഓഫീസിന് ആവശ്യമായ മുദ്രപത്രം മാത്രമാണ് ട്രഷറിയിൽനിന്നും എടുക്കുന്നുള്ളൂ എന്നതിനാൽ മറ്റ് പല ആവശ്യങ്ങൾക്കും ആവശ്യമായ മുദ്രപത്രങ്ങൾക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം താലൂക്കിൽ മുദ്രപത്ര ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരത്തിലുള്ള മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ആളുകൾക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നതിനുവേണ്ട നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവത്കരണം

80(5239) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച സാഹചര്യത്തിൽ നെറ്റ്‌വർക്കിന്റെയും സോഫ്റ്റ്‌വെയറിന്റെയും സർവ്വറിന്റെയും ന്യൂനതകൾമൂലം ഇടപാടുകാർക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മെയ് 2021-ൽ ഉയർന്ന സ്പെസിഫിക്കേഷനുള്ള പുതിയ ട്രഷറി സർവ്വർ സ്ഥാപിച്ചശേഷം ട്രഷറി ഇടപാടുകൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ട്രഷറി സോഫ്റ്റ്വെയറിലോ നെറ്റ്വർക്കിലോ ഏതെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻതന്നെ പരിഹരിക്കാറുണ്ട്.

(സി) കോവിഡ് കാലത്ത് സംസ്ഥാനത്തെ പെൻഷൻകാരിൽ ഭൂരിഭാഗവും ട്രഷറിയിൽ നേരിട്ടെത്തി ഇടപാടുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് സാഹചര്യം പരിഗണിച്ച് തിരക്ക് നിയന്ത്രിക്കുന്നതിനായി നേരിട്ട് ട്രഷറിയിലെത്തുന്നവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിന്റെ അവസാന അക്കത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് പെൻഷൻ സ്വീകരിക്കാൻ നിശ്ചിത ദിവസം നിശ്ചയിച്ചുനൽകി തിരക്ക് നിയന്ത്രിക്കുന്നുണ്ട്.

(ഡി) ഓൺലൈൻ ഇടപാടുകളെക്കുറിച്ചുള്ള അജ്ഞത പരിഹരിക്കാൻ ബോധവത്കരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ട്രഷറി വകുപ്പിന്റെ വെബ്സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെയിടയിൽ പ്രചാരണം നടത്തിയും വാട്സ്ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും ട്രഷറി നൽകുന്ന സേവനങ്ങളെക്കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെക്കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകിയിട്ടുണ്ട്. ഇത്തരം പ്രചാരണങ്ങൾ ഇനിയും തുടരുന്നതാണ്.

(ഇ) ഓൺലൈൻ ഇടപാടുകളെക്കുറിച്ച് ബോധവത്കരണം നടത്തി അവരെ ഓൺലൈൻ ഇടപാടുകൾക്ക് പ്രാപ്തരാക്കുന്നതിനായി വിവിധ പെൻഷൻകാരുടെ സംഘടനകളുടെ സഹായത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ?

വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനമധ്യത്തിൽ പ്രചാരണം നടത്തുന്നതിന് പെൻഷൻകാരുടെ സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാരിതര സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly